**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 206** **04-10-2021 - ൽ മറുപടിയ്ക്ക്**

**ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തിക**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ പി സി വിഷ്ണുനാഥ്** | | **Smt Veena George**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ലോകാരോഗ്യ സംഘടനയുടെ മാർഗനിർദ്ദേശപ്രകാരം രോഗപ്രതിരോധ പ്രവർത്തനങ്ങൾക്ക് ആവശ്യമായ എണ്ണം ഹെൽത്ത് ഇൻസ്പെകടർ തസ്തികകൾ ആരോഗ്യ വകുപ്പിന് കീഴിൽ ഇല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ ആയതിനുവേണ്ടി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | ഇല്ല |
| (ബി) | 2018 ൽ ആർദ്രം പദ്ധതിക്ക് കീഴിൽ അഞ്ഞൂറ്റി നാൽപ്പത്തിയേഴ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണിച്ചിരുന്നോ; എങ്കിൽ പ്രസ്തുത തസ്തികകൾ സൃഷ്ടിച്ചിരുന്നോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് ടി തസ്തികകൾ ഒഴിവാക്കിയതെന്ന് വ്യക്തമാക്കാമോ; | (ബി) | ആർദ്രം പദ്ധതിയുടെ കീഴിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിശോധിച്ചിരുന്നു. ആർദ്രം പദ്ധതി നടത്തിപ്പിന് അനിവാര്യമായ തസ്തികകൾ മാത്രമേ സൃഷ്ടിച്ചിട്ടുള്ളൂ. |
| (സി) | ആരോഗ്യ വകുപ്പ് 16 വർഷമായി നടത്തി വരുന്ന ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ എന്ന കോഴ്സ് മുനിസിപ്പൽ കോമൺ സർവ്വീസ്, പഞ്ചായത്ത് എന്നീ വകുപ്പുകളിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലെ നിയമനവുമായി ബന്ധപ്പെട്ട സ്പെഷ്യൽ റൂളുകളിൽ ഉൾപ്പെട്ടിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പ്രസ്തുത സ്പെഷ്യൽ റൂളുകളിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | മുനിസിപ്പൽ കോമൺ സർവ്വീസിൽ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലേക്ക് നിയമനം നടത്തുന്നത് 1972-ലെ കേരള മുനിസിപ്പൽ കോമൺ സർവ്വീസ് റൂൾസ് പ്രകാരമാണ്. പ്രസ്തുത നിയമനത്തിനുള്ള യോഗ്യതയിൽ ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ എന്ന കോഴ്സ് ഉൾപ്പെടുത്തിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടതിനാൽ തദ്ദേശസ്വയംഭരണ പൊതു സർവ്വീസ് രൂപീകരണ പ്രകാരമുള്ള കരട് സ്പെഷ്യൽ റൂളിൽ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ നിയമനത്തിനുള്ള യോഗ്യതകളിൽ ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് യോഗ്യതയായി ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ സ്പെഷ്യൽ റൂൾ അന്തിമമാകുന്ന മുറയ്ക്ക് മേൽ പ്രശ്നത്തിന് പരിഹാരമുണ്ടാകുന്നതാണ്. |

സെക്ഷൻ ഓഫീസർ